**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5326** **21-03-2025 - ൽ മറുപടിയ്ക്ക്**

**യാത്രാക്ലേശമുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതലുള്ള സർക്കാരിന്റെ കാലത്ത് നിരത്തിലോടാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ കണ്ടം ചെയ്തോ മറ്റ തരത്തിലോ ഒഴിവാക്കിയ കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2016 മുതൽ നാളിതു വരെ സർക്കാരിന്റെ കാലത്ത് 2257 എണ്ണം ബസ്സുകൾ MSTC (Metal Scrap Trading Corporation Ltd.) മുഖേന ലേലം ചെയ്തിട്ടുണ്ട്.<br><br>2016 മുതൽ നാളിതുവരെ നിരത്തിലോടാൻ അനുയോജ്യമല്ലാത്ത ബസ്സുകളിൽ സ്ക്രാപ്പ് ചെയ്ത 24 എണ്ണം ജീവനക്കാരുടെ Rest room-നായും, മറ്റ ആവശ്യങ്ങൾക്കായും Stationary സ്ലീപ്പർ ആയി രൂപമാറ്റം വരുത്തി നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ 45 ബസ്സുകൾ Shop on Wheel-ന്റെ ഉപയോഗത്തിനായി നൽകിയിട്ടുണ്ട്. ഇവയിൽ ആവശ്യമില്ലാത്തവ ലേലം ചെയ്ത് വിൽക്കുന്നതിനായി തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ക്ക് പുതിയ റൂട്ടുകൾ അനുവദിക്കുന്നതിന് ബസുകളുടെ കുറവാണ് വിഘാതമാകുന്നതെങ്കിൽ പുതിയ ബസുകൾ വാങ്ങി യാത്രാക്ലേശം അനുഭവിക്കുന്ന റൂട്ടുകളിൽ സർവീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഹ്രസ്വദൂര പുതിയ റൂട്ടുകൾ ആരംഭിക്കുന്നതിന് കാലപ്പഴക്കം ചെന്നവയെങ്കിലും ബസ്സുകൾ നിലവിൽ ലഭ്യമാണ്. ദീർഘദൂര ബസ്സുകൾ / സിറ്റി ബസ്സുകൾ എന്നിവയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആധുനിക ശ്രേണിയിലുള്ള 8 എ.സി. സ്ലീപ്പർ, 2 ഹൈബ്രിഡ് സീറ്റർ കം സ്ലീപ്പർ, 13 എ.സി. പ്രീമിയം സൂപ്പർ ഫാസ്റ്റ്, 20 എ.സി. സീറ്റർ, 88 സൂപ്പർ ഡീലക്സ്, 151 സൂപ്പർ ഫാസ്റ്റ്, 165 ഇലക്ട്രിക് ബസ്സുകൾ എന്നിങ്ങനെ ആകെ 447 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖേന ലഭ്യമാക്കി സർവ്വീസുകൾക്ക് ഉപയോഗിച്ച് വരുന്നുണ്ട്.<br><br>കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള സൂപ്പർ ഡീലക്സ് ശ്രേണിയിൽപ്പെട്ട ബസ്സുകൾ ദീർഘദൂര സർവ്വീസുകൾക്ക് അനുയോജ്യമായ വിധത്തിൽ കുറഞ്ഞ ചെലവിൽ സമഗ്രമായി നവീകരിച്ച് (refurbished) പുതിയ സർവ്വീസുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ